**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കാസർഗോഡ് ജില്ലാ പഞ്ചായത്ത് - സുലേഖ സോഫ്റ്റ് വെയറിൽ ഒഴിവാക്കപ്പെട്ട പട്ടികയിൽ ഉൾപ്പെട്ട പദ്ധതികൾ സ്പിൽ ഓവറായി 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2968/2018/തസ്വഭവ തിരുവനന്തപുരം, തീയതി,22.11.2018**

================================================================

പരാമർശം:- 1. കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2018-ലെ കത്ത്.

2. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2018-ലെ B2-4019/17 നമ്പർ കത്ത്.

3. 16.10.2018 തീയതിയിൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ കോ-ഓർഡിനേഷൻ സമിതി യോഗ തീരുമാനം നം. 4.26.

**ഉത്തരവ്**

കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോ.നം.167/18 (ജി.എച്ച്.എസ്. എടനീർ കഞ്ഞിപ്പുര നിർമ്മാണം), പ്രോ.നം.204/18 (ജി.എച്ച്.എസ്. ബളാൽ അറ്റകുറ്റപ്പണികൾ) എന്നീ പ്രോജക്ടുകൾ 2018-19-ൽ സ്പിൽഓവറാക്കാൻ വിട്ടുപോയെന്നും ഇവ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്ന കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (2) ലെ അപേക്ഷ പരാമർശം (1) പ്രകാരം കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

2. 16.10.2018-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ഒഴിവാക്കപ്പെട്ട പട്ടികയിൽ ഉൾപ്പെട്ട പ്രോ.നം.167/18 (ജി.എച്ച്.എസ്. എടനീർ കഞ്ഞിപ്പുര നിർമ്മാണം), പ്രോ.നം.204/18 (ജി.എച്ച്.എസ്. ബളാൽ അറ്റകുറ്റപ്പണികൾ) എന്നീ പദ്ധതികൾ 2018-19 വർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകിയും ഇതിനാവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ വരുത്തുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

28/11/18

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ